ക്കാൻ കഴിഞ്ഞിട്ടുണ്ട്. നീതിന്യായവകുപ്പിന്റെയും രാഷ്ട്രീയ ഇച്ഛാശക്തിയുടെയും പരിസ്ഥിതി പ്രവർത്തകരുടെ ആത്മാർപ്പണത്തിന്റെയും ത്രികോണ മൈത്രിയിലൂടെ മാത്രമാണ് ഈ വിജയം കൊയ്തെടുക്കാനായത്.

പല പ്രദേശങ്ങളും പരിസ്ഥിതി ലോലമായി പ്രഖ്യാപിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി ശുപാർശകൾ MOEF ന് ലഭിക്കുന്നുണ്ടെങ്കിലും ഒന്നിലും ഇവയെ പരിഗണിക്കാൻ വേണ്ട, എല്ലാ മാനദണ്ഡങ്ങളും ഉൾപ്പെടുത്തി നൽകുന്നില്ല എന്ന പോരായ്മ നിലനിൽക്കുന്നു. മാത്രമല്ല, വ്യക്തികളോ, സംഘടനകളോ നൽകുന്ന ശുപാർശകൾ MOEF സ്വീകരിക്കുന്നുമില്ല. അതാത് പ്രദേശത്തെ സർക്കാർ സമർപ്പിക്കുന്ന റിപ്പോർട്ടുകൾ മാത്രമേ MOEF പരിഗണിക്കുകയുള്ളൂ. ഇത് തന്നെയാണ് പരിസ്ഥിതി പ്രവർത്തകർ നേരിടുന്ന വെല്ലുവിളിയും.

പശ്ചിമഘട്ട മലനിരകളുടെ ലോലവും ദുർബലവുമായ അവസ്ഥയെ പ്രതിപാദിക്കുന്ന ബൃഹത്തായ ഒരു പഠനറിപ്പോർട്ട് പ്രൊഫ. സാമന്ത് കൺവീനറായുള്ള സഹ്യാദ്രി ഇക്കോളജിക്കൽ ഫോറവും ഡോ. ക്ലോഡ് അൽവാരിസും ചേർന്ന് സമർപ്പിക്കുകയുണ്ടായി. എന്നാൽ ഈ റിപ്പോർട്ടിൽ പറയുന്ന ജൈവവൈവിധ്യത്തിന്റെ തോത് യഥാർത്ഥ കണക്കുമായി വളരെ അന്തരത്തിലാണെന്ന് MOEF കണ്ടെത്തുകയുണ്ടായി. ഈ ഭൂഭാഗത്തെ ജൈവവൈവിദ്ധ്യത്തെ സവിസ്തരം പഠിച്ച് റിപ്പോർട്ട് നൽകാൻ BSI (Botanical Survey of INdia) ZSI (Zoological Survey of India)യേയും ചുമതലപ്പെടുത്തുകയുണ്ടായി.

2004-ൽ മോഹൻ റാം കമ്മിറ്റി പശ്ചിമഘട്ടമലനിരകളിലെ ലോല വും/ ദുർബലവുമായ പ്രദേശങ്ങളെ കുറിച്ചുള്ള പഠന റിപ്പോർട്ട് പരിശോധിച്ചിരുന്നതായി കൊഹ്ളി വ്യക്തമാക്കി. വിവിധ NGOകൾ അതിപ്രധാനമായ ഈ മേഖലയെക്കുറിച്ച് പഠനം നടത്താനും, സംരക്ഷിക്കാനും പഠനത്തിൽ നിർദ്ദേശമുണ്ടായിരുന്നു. എന്നാൽ പശ്ചിമഘട്ടം മുഴുവനും പരിസ്ഥിതി ലോലപ്രദേശമായി കണക്കാക്കാൻ ബുദ്ധിമുട്ടാണെന്നും, ഓരോ രോ സംസ്ഥാനവും (മഹാരാഷ്ട്ര, ഗോവ, കർണ്ണാടക, തമിഴ്നാട്, കേരളം) അതാത് പ്രദേശത്തെ ലോലവും ദുർബലവുമായ പ്രദേശങ്ങളെ കണ്ടെത്തി, അതിന്റെ ഭൂപടത്തോടൊപ്പം റിപ്പോർട്ട് നൽകണമെന്ന ആവശ്യവും ഇതിലുണ്ട്. അടിയന്തിര പ്രാധാന്യത്തോടെ ഇവയെ കണക്കിലെടുക്കണമെന്നും വൻനാശനഷ്ടങ്ങളിൽ നിന്നും ഭൂമിയെ രക്ഷിക്കണമെന്നും തെല്ലൊരു ഉത്ക്കണ്ഠയോടു കൂടി കമ്മിറ്റി ആവശ്യപ്പെട്ടിരിക്കുന്നു.

ഇന്ത്യയിലെ വിവിധ സ്ഥലങ്ങൾ പരിസ്ഥിതി ലോല പ്രദേശമായി പ്രഖ്യാപിച്ചുകിട്ടാൻ അതാതിടത്തെ പൊതുജനങ്ങളും പരിസ്ഥിതിപ്രവർത്തകരും ഉയർന്നുപ്രവർത്തിക്കുന്നുണ്ടെങ്കിലും വൻമാഫിയകളുടെയും, ഇതര താൽപര്യത്തിന്റെയും പേരിൽ വിജയം നേടാനാവാത്ത ദുരവസ്ഥ നിലനിൽക്കുകയാണ്– കാഞ്ചി കൊഹ്ളി അഭിപ്രായപ്പെട്ടു.

പശ്ചാത്തലങ്ങൾ ഇവയൊക്കെയാണെന്നിരിക്കെ കേരളമണ്ണിൽ സംരക്ഷിക്കപ്പെടേണ്ട ഇടങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നും, വിശദമായ പഠനം ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നെ നടത്തി, സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കാം എന്ന്. ഡോ. രമ അഭിപ്രായപ്പെട്ടു. പീച്ചി KFRI യിലെ ശാസ്ത്രജ്ഞരുടെ സഹായത്തോടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കാൻ സമിതിയിൽ നിന്ന് ഒരു 5 അംഗകമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി അടിയന്തിരമായി തന്നെ റിപ്പോർട്ട് തയ്യാറാക്കി, സർക്കാരിന്റെ സഹായത്തോടെ സഹ്യസാനുക്കളെ സംരക്ഷിക്കാൻ വേണ്ട നടപടികൾ ആരംഭിക്കാൻ തീരുമാനിക്കുകയുണ്ടായി.

പരിസ്ഥിതി ലോലപ്രദേശമായി പ്രഖ്യാപിക്കുന്ന ഇടങ്ങളിൽ നിന്ന് ജനങ്ങളെ കുടിയൊഴിപ്പിക്കേണ്ടിവരുമെന്ന ഭീതി പരത്തി പ്രവർത്തനത്തെ തടസ്സപ്പെടുത്താനുള്ള നീക്കത്തെ തിരിച്ചറിയേണ്ടതുണ്ട്. ഇതിലെ സത്യാവസ്ഥ അതാത് പ്രദേശത്തെ ജനങ്ങളെ അറിയിച്ചും ഇതിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തിയും മുന്നോട്ടു പോകേണ്ടതുണ്ടെന്നും യോഗം വിലയിരുത്തി.

# കാതിക്കുടം : പോലീസിന്റേയും കമ്പനി തൊഴിലാളികളുടേയും കൈയ്യേറ്റത്തിൽ പ്രതിഷേധിക്കുന്നു

വിഷുദിനത്തിൽ കാതിക്കുടം NGIL ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ കമ്പനി മാലിന്യങ്ങൾകൊണ്ട് "വിഷ"കണി ഒരുക്കുകയും അമ്മമാരും കുട്ടികളും പൊങ്കാലയിട്ടുകൊണ്ട് പ്രതീകാത്മകമായി കമ്പനിക്ക് ബലിച്ചോറ് നൽകുന്ന ചടങ്ങ് സംഘടിപ്പിക്കുകയായിരുന്നു.

കമ്പനിയുടെ പ്രവർത്തനങ്ങൾക്കോ, ഗതാഗത സംവിധാനങ്ങൾക്കോ യാതൊരു തടസ്സവും സൃഷ്ടിക്കാതെ വളരെ സമാധാനപരമായി നടത്തിക്കൊണ്ടിരുന്ന ഈ സമരത്തിനെതിരെ കൊരട്ടി പോലീസ് സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു സംഘം പോലീസുകാർ പത്തു വയസ്സിൽ താഴെ പ്രായമുള്ള കുട്ടിയെ മർദ്ദിക്കുകയും സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള സമരപ്രവർത്തകരെ കൈയ്യേറ്റം ചെയ്യുകയും ഉണ്ടായി. മാത്രമല്ല ചാലക്കുടി പോലീസ് സർക്കിൾ ഇൻസ്പെക്ടർ വലിയ സന്നാഹം പോലീസുമായി സംഭവസ്ഥലത്തെത്തുകയും സമരപ്രവർത്തകരെ മോശമായ രീതിയിൽ അധിക്ഷേപിച്ച് ഭീകരത സൃഷ്ടിക്കുകയുമുണ്ടായി.

തികച്ചും സമാധാനപരമായി നടത്തിയിരുന്ന പ്രതീകാത്മകസമരത്തെ കമ്പനിയുടെ ഒത്താശയോടെ അടിച്ചമർത്താൻ ശ്രമിച്ച പോലീസ് ഭീകരതക്കെതിരെ സാംസ്കാരിക പ്രവർത്തകരായ ഞങ്ങൾ ശക്തമായി പ്രതിഷേധിക്കുന്നു.

**സാറാ ജോസഫ്, കെ. അരവിന്ദാക്ഷൻ, സി.ആർ. പരമേശ്വരൻ, വൈശാഖൻ, പി. സുരേന്ദ്രൻ, കെ. അജിത, കെ. വേണു, സിവിക് ചന്ദ്രൻ, പി. എൻ. ഗോപീകൃഷ്ണൻ.**